TUESDAY 29.08.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–29/08/2023.

1. നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി കവിത രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. "അനൂഠാ നാരിയൽ മഹിമ അപാർ" (അദ്വിതീയം നാളികേരം, മഹിമ അപാരം) എന്നതാണ് മത്സര വിഷയം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി-11 എന്ന വിലാസത്തിൽ **സെപ്തംബർ 11-ാം** തീയതി വൈകുന്നേരം 5.30 മണിക്കുള്ളിൽ ലഭിച്ചിരിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0484--2377266 Extn-145/121 എന്ന നമ്പറിൽ ബന്ധപ്പെടുക.

2. കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും പുറമെ മറ്റു പൊതു മേഖല സ്ഥാപനങ്ങൾ/ കുടുംബശ്രീ/ഫാർമേഴ്സ്/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കൃഷി കൂട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉൽപ്പന്നങ്ങളും ഹോർട്ടി സ്റ്റോറിൽ ലഭ്യമാക്കുന്നതാണ്. സ്റ്റോറുകൾക്ക് കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ടായിരിക്കണം. സെക്യൂരിറ്റി ഡെപ്പോസിറ്റായി 25,000/ - രൂപ അടയ്ക്കേണ്ടതാണ്. ഹോർട്ടികോർപ്പ് നിർദ്ദേശിക്കുന്ന മാതൃകയിൽ സ്റ്റോറുകൾ ക്രമീകരിക്കേ ണ്ടതുമാണ്. താൽപര്യമുള്ള സംരംഭകർ 0471 2359651, 9447625776 എന്നീ ഫോൺ നമ്പറുകളിലോ, മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ഉദയഗിരി, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012. എന്ന വിലാസത്തിലോ ബന്ധപ്പെടുക.

3. മിഷൻഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ വാർഷിക പദ്ധതി 2023-24 ൽ ഉൾപ്പെടുത്തി സംരക്ഷിത കൃഷിയ്ക്ക് ധനസഹായം നൽകുന്നു. താൽപര്യമുള്ളവർ അടുത്തുള്ള കൃഷിഭവനുമായോ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷനുമായോ 0471-2330856 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. പോത്തൻകോട് കൃഷിഭവനിൽ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ സബ്ഡിഡി നിരക്കിൽ വിതരണത്തിനായി എത്തിയിട്ടുണ്ട്. ആവശ്യമുള്ള കർഷകർ 9447003709 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "ശീതകാല പച്ചക്കറി കൃഷി" വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് സെപ്റ്റംബർ 11 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ സെപ്റ്റംബർ 10 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സില് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് സെപ്റ്റംബർ 11 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ് **കാർഷിക നിർദ്ദേശം** - നെല്ല് കളനിയന്ത്രണം- അടിവളം ചേർക്കാത്ത പാടങ്ങളിൽ ഞാറ് നട്ട് 10 ദിവസത്തിനുള്ളിൽ ഒന്നാം വളം ചേർക്കുന്നതിനോടൊപ്പം ലോണ്ടാക്സ് പവർ 4 കിലോഗ്രാം ഒരു ഏക്കറിന് എന്ന കണക്കിൽ കലർത്തി പാടത്ത് ഇട്ടുകൊടുക്കാവുന്നതാണ്.

6. **കാർഷിക നിർദ്ദേശം** - നെല്ല് കളനിയന്ത്രണം- അടിവളം ചേർക്കാത്ത പാടങ്ങളിൽ ഞാറ് നട്ട് 10 ദിവസത്തിനുള്ളിൽ ഒന്നാം വളം ചേർക്കുന്നതിനോടൊപ്പം ലോണ്ടാക്സ് പവർ 4 കിലോഗ്രാം ഒരു ഏക്കറിന് എന്ന കണക്കിൽ കലർത്തി പാടത്ത് ഇട്ടുകൊടുക്കാവുന്നതാണ്.

അടിവളം ചേർത്ത പാടങ്ങളാണെങ്കിൽ വളത്തിന് പകരം മണലുമായി കലർത്തി ഇവ വിതറികൊടുക്കാം അല്ലെങ്കിൽ ബ്യൂട്ടാക്ലോർ പെനോക്സുലം എന്ന കളനാശിനി 800 മില്ലി ഒരു ഏക്കറിന് എന്ന കണക്കിൽ ഞാറ് നട്ടതിനുശേഷമോ വിതച്ചതിന് ശേഷമോ 6 മുതൽ 8 ദിവസത്തിനുള്ളിൽ കൊടുക്കാം. അല്ലേങ്കിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പൈറസോസൽഫ്യൂറാൻ എന്ന കളനാശിനി 80 തൊട്ട് 120 ഗ്രാം ഒരു ഏക്കറിന് എന്ന കണക്കിൽ ചേർത്തുകൊടുക്കാവുന്നതാണ്.

ചേറ്റുവിളയിൽ വരിനെല്ലിനെതിരെ നിലം തയ്യാറാക്കി പാടത്ത് വെള്ളം കയറ്റി നിർത്തിയിട്ട് ഓക്സീഫ്യൂർഫെൻ എന്ന കളനാശിനി 1.5മില്ലി ഒരു ലിറ്റർ എന്ന കണക്കിൽ തളിച്ചുകൊടുക്കാം. പിന്നീട് 4 മണിക്കൂറിന് ശേഷം മുളപ്പിച്ച വിത്ത് വിതയ്ക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം